**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 57/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

പരമകാരുണികനായ ദൈവതിരുമുൻപാകെ നന്ദിപൂർവം നമ്മുടെ തലകുനിച്ചു കൊണ്ടും എന്തെന്നില്ലാത്ത ആഹ്ളാദത്തോടും സന്തോഷത്തോടും നിങ്ങളെ എല്ലാവരെയും അഭിനന്ദിച്ചു കൊണ്ടും 2024 ഫെബ്രുവരി 25-ന് കോട്ടയത്ത് ചേർന്ന മാർത്തോമ്മൻ പൈതൃക മഹാ സമ്മേളനത്തിന്റെ വൻ വിജയത്തിന് നമ്മുടെ ആഹ്വാനം ഉൾക്കൊണ്ട് കത്തുന്ന പകൽച്ചൂടിനെ വകവയ്ക്കാതെ മലങ്കര സഭ ഒന്നാകെ കടന്നു വന്നതിൽ നാം നമ്മുടെ സന്തോഷം നിങ്ങളെ അറിയിക്കുന്നു. നമ്മുടെ പിതാവായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ രക്തം വീണു കുതിർന്ന ഭാരത മണ്ണിൽ ആ പൈതൃകം ഏറ്റു വളർന്ന മലങ്കര സഭ തലമുറകളിലേക്ക് ആ ഊർജവും വിശ്വാസവും പകർന്നു കൊടുക്കാൻ നടത്തുന്ന ഏതു ശ്രമവും നിങ്ങൾ ഏറ്റെടുക്കും എന്നതിന്റെ ഉത്തമ ഉദാഹരണമായിരുന്നു കോട്ടയം കണ്ട ജനസാഗരം. സഭാ ഭരണഘടന നിലവിൽ വന്നതിന്റെ നവതിയാഘോഷവും, ഭരണഘടനാ ശില്പി പരിശുദ്ധ വട്ടശ്ശേരിൽ പിതാവിന്റെ ഭാസുരമായ ഓർമ്മയുടെ നവതിയും ആവേശത്തോടെ നിങ്ങൾ ഏറ്റെടുത്തു എന്നതിന്റെ നിദർശനമായിരുന്നു ലക്ഷത്തിൽപരം വരുന്ന മലങ്കര നസ്രാണി സംഗമം. വാത്സല്യ മക്കളെ, നിങ്ങളാണ് നമ്മുടെയും, പരിശുദ്ധ സഭയുടെയും ശക്തിയും, ഊർജവും, അഭിമാനവും. കഴിഞ്ഞ നാളുകളിൽ നാം ഏൽക്കേണ്ടിവന്ന പരിഹാസവും നിന്ദയും ഒന്നും നമുക്കിപ്പോൾ ഭാരമായി തോന്നുന്നില്ല, പ്രത്യേകിച്ച് മാർത്തോമ്മൻ പൈതൃക സമ്മേളനം കഴിഞ്ഞതിനു ശേഷമുള്ള ഈ നാളുകളിൽ നാം കൂടുതൽ സന്തോഷവാനും സഭയുടെ ഭാവിയെക്കുറിച്ചു കൂടുതൽ പ്രത്യാശയുള്ളവനും ആണ്. കാരണം നമ്മുടെ സഭാ മക്കൾ നമ്മുടെ ബലവും ശക്തിയുമായി നമ്മോടൊപ്പം ഉണ്ട് എന്ന ഉറച്ച വിശ്വാസം തന്നെ.

ഈ മഹാ സമ്മേളനത്തിന്റെ വൻ വിജയത്തിന് കാരണക്കാരായ നിങ്ങളെ ഓരോരുത്തരെയും നാം മുക്തകണ്ഠം അഭിനന്ദിക്കുന്നു. സ്വദേശത്തുനിന്നും വിദേശത്തുനിന്നും മലങ്കര സഭയുടെ മുപ്പതു ഭദ്രാസനങ്ങളിൽ നിന്നുമായി അനേക ത്യാഗങ്ങൾ സഹിച്ചു പങ്കെടുത്ത എല്ലാവരോടും പരിശുദ്ധ സഭയ്ക്കുവേണ്ടി നാം നന്ദി അറിയിക്കുന്നു. നിങ്ങളുടെ ത്യാഗങ്ങൾക്കും കഷ്ടപ്പാടുകൾക്കും ദൈവം ഫലം നൽകട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. പരിശുദ്ധ സുന്നഹദോസ് അംഗങ്ങളായ നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാർ, നമ്മുടെ വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി, അസോസിയേഷൻ

*(മറുപുറം)*

സെക്രട്ടറി, വർക്കിംഗ് കമ്മറ്റി അംഗങ്ങൾ, സഭാ മാനേജിങ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വൈദീക സ്ഥാനികൾ, സഭയിലെ എല്ലാ ഇടവകകളിലെയും പുരോഹിതന്മാർ, ഇടവക മാനേജിങ് കമ്മറ്റി അംഗങ്ങൾ, ആബാലവൃദ്ധം വിശ്വാസികൾ, അല്പമായോ അധികമായോ സഭയെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നവർ, പ്രത്യേകാൽ മാർത്തോമ്മൻ പൈതൃക സംഗമത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരോടും, നിസ്വാർത്ഥമായി പ്രവർത്തിച്ച വിവിധ മാർത്തോമ്മൻ പൈതൃക സമ്മേളന കമ്മറ്റികളോടും നമ്മുടെ സ്നേഹവും നന്ദിയും പരിശുദ്ധ സഭയ്ക്കു വേണ്ടി അറിയിക്കുന്നു.

മാർത്തോമ്മായുടെ വിശ്വാസ വഴിയേ  പ്രാർത്ഥനാപൂർവ്വം നമുക്ക് മുന്നേറാം, ഒരു ശക്തിക്കും നമ്മെ തകർക്കാൻ കഴിയില്ല. ഒരു വിരുദ്ധത്തിന്റെ കെണിയിലും നാം വീഴില്ല, ഒരു വ്യർത്ഥ സംസാരത്തിനും നമ്മെ തളർത്താൻ കഴിയില്ല, "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായെപ്പോലെ നമുക്ക് ഉദ്ഘോഷിക്കാം. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെപ്പോലെ പ്രാണനുതുല്യം പരിശുദ്ധ സഭയെ സ്നേഹിക്കാം. വീണ്ടും നമ്മുടെ സ്നേഹം, നന്ദി എല്ലാവരെയും അറിയിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യ യുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ഫെബ്രുവരി മാസം 28 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**In the blessed name of the Tri-une God, Self-existent,**
**Beginningless and Endless, Perfect in Being, (Glory be to Him)**
**Moran Mar Baselios Marthoma Mathews III Catholicos of the East and**
**Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 57/2024**

Blessings to our beloved Vicars of the churches, Priests of the locality, Kaisthanees and faithful of all the Parishes!

Dearly beloved,

Bowing our heads in gratitude before the Most Merciful God and congratulating you all with immense joy and happiness, we express our gratitude that the entire Malankara Church came together, accepting our call despite the scorching heat of the day, for the great success of the Marthomman Heritage Meeting held at Kottayam on February 25th, 2024. The mammoth gathering ever witnessed by Kottayam was a good example of how you will undertake any effort to pass on the St.Thomas legacy and faith to the generations of the Malankara Orthodox Church, which grew up in the Indian soil strengthened by the blood of St.Thomas, the Apostle of India. The Paithruka Sangamam, which was attended almost by a lakh members, attests the fact that you enthusiastically took up the *Navathi* ($90^{th}$ Year) celebration of the establishment of the Church Constitution and the $90^{th}$ memorial year celebrations of the architect of the 1934 Constitution, Saint Vattasseril Mar Dionysius. Beloved children, you are our strength, energy, and pride as well as that of the Holy Church. It is a fact that none of the mockery and reproach we had to face in the past days does feel heavy to us now, especially after the Marthoman Heritage Meeting. We are happier and more hopeful about the future of the Church because of our firm belief that our beloved children of the Holy Church are with us as our strength and power.

We wholeheartedly congratulate each one of you for making this grand meeting a resounding success. On behalf of the Holy Church, we express our gratitude to all those who participated from within India and outside India in the thirty Dioceses of the Holy Church. We pray that God will reward your sacrifices and sufferings. On behalf of the Holy Church, we express our love and gratitude to the members of the Holy Synod, our brother Metropolitans, our co- trustees, Association Secretary, working committee members, Association managing committee members, Diocesan council members, clergy, vicars of all parishes, parish managing committees, beloved faithful members, those who love and help the church in a little or more way, all those who have prayed and cooperated for the success of the Marthoman Heritage Meeting, and to the various Marthoman Heritage Meeting Committees who have worked selflessly.

Let us prayerfully advance on the path of St.Thomas heritage and faith. No force can break us. We will not fall into the trap of any opposition; no vain talk can discourage us. Let us exclaim with confidence, “My Lord and My God,” like our father St.Thomas. Let’s love the Holy Church in spirit and strength like St.Vattasseril Mar Dionysius did. Again, our love and thanks to all.

May the Grace and Blessings of God Almighty abide with you forever. And may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and of all the Holy Saints be a stronghold for us. Amen.

Our Father Who Art in Heaven….

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India On February 28, 2024